പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5030 15-11-2019-ലെ മറുപടിയ്ക്ക്

**സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.സജി ചെറിയാൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി ലാഭകരമാക്കി അഭ്യസ്തവിദ്യരായ യുവാക്കളെയുൾപ്പെടെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിനായി സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം നടത്തുന്ന പ്രവർത്തനത്തെ കുറിച്ച് അറിയിക്കാമോ; | (എ) | കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന പ്രോത്സാഹന പദ്ധതിയുടെ സബ്സിഡികൾ സംരംഭകരുടെ വായ്പ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു. വ്യക്തിഗത സംരംഭകർ, പങ്കാളിത്ത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, സർക്കാരേതര ഏജൻസികൾ, ഉല്പാദക സംഘങ്ങൾ എന്നിവർക്ക് സബ്സിഡിക്ക് അർഹത ഉണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാബന്ധിത പദ്ധതികൾക്ക് മാത്രമാണ് ആനുകൂല്യം നൽകുക. 2018-19 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപ കാർഷികോല്പന്നാധിഷ്ഠിതമായ മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സബ്സിഡിയായി നൽകിയിട്ടുണ്ട്.<br>2019-20 വർഷത്തിൽ ഉല്പാദക സംഘങ്ങൾ രൂപീകരിച്ച് 50 ഉല്പാദക കമ്പനികൾ രൂപീകരിക്കുവാനുള്ള ആർ.കെ.വി.വൈ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതു പ്രകാരവും മൂല്യവർദ്ധിതോല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ സാധിക്കും.<br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കാർഷിക വിജ്ഞാന വ്യാപനത്തിനായി വിവര വിനിമയ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ എന്ന പോർട്ടലിൽ വിളകൾ, സസ്യസംരക്ഷണം, |

| | | | |
|---|---|---|---|
| | | | ഉല്പാദനോപാധികൾ, വിപണി, ജൈവകൃഷി, കാർഷിക ഉപകരണങ്ങൾ, മണ്ണ് പരിപാലനം, പതിവു ചോദ്യങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, നഗരകൃഷി, ഹൈടെക് കൃഷി, കാലാവസ്ഥാ പ്രവചനം എന്നിങ്ങനെ കാർഷിക/ കാർഷികാനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട സമസ്ത സേവനങ്ങളും വിവരങ്ങളും സമഗ്രമായി ആവിഷ്കരിച്ചിരിക്കുന്നു. |
| (ബി) | കർഷകർക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകിയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കിയും കാർഷിക രംഗത്ത് വളർച്ച സൃഷ്ടിക്കുന്നതിലേക്കായി കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ മാനവവിഭവശേഷി വികസിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയ്ക്കുള്ള പങ്ക് എന്താണെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ കാർഷിക സർവ്വകലാശാല നൽകി വരുന്നു. |
| (സി) | കാർഷിക വിജ്ഞാന വ്യാപനവും കാർഷിക സേവന സംവിധാനവും ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക വിളകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (സി) | കാർഷിക സേവന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്തുതലത്തിൽ കാർഷിക കർമ്മസേനയും പ്രവർത്തിക്കുന്നു. കാർഷിക മേഖലയ്ക്കാവശ്യമായ യന്ത്രങ്ങളും മനുഷ്യവിഭവശേഷിയും ഒരുക്കുക എന്നതാണ് ഇവയുടെ മുഖ്യമായ ലക്ഷ്യം.<br>കാർഷിക മേഖലയിൽ കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന് ആത്മ, ലീഡ്സ്, കർഷക നൈപുണ്യ അവാർഡ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ